# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 688

28.02.2018-ൽ മറുപടിയ്ക്ക്

## സൃഷ്ടി സ്കോളർഷിപ്പ്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) **പട്ടിക വർഗക്കാരിലെ പിന്നോക്കം നിൽക്കുന്ന പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി വനംവകുപ്പ് ഏർപ്പെടുത്തിയിരുന്ന സൃഷ്ടി സ്കോളർഷിപ്പ് ഇപ്പോൾ നൽകുന്നുണ്ടോ;** | എ) | ഉണ്ട് |
| ബി) **നിലവിൽ എത്ര രൂപയാണ് സ്കോളർഷിപ്പായി നൽകുന്നത്; ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കാമോ;** | ബി) | ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടിക വർഗ്ഗക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ ഒരു പെൺകുട്ടിക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായത്തിനായിട്ടാണ് സൃഷ്ടി സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. ഒരു വർഷം 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപയാണ് സ്കോളർഷിപ്പ് തുകയായി നൽകുന്നത് . വന വികാസ ഏജൻസികളുടെ നേതൃത്വത്തിൽ വനസംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ പ്രസിഡന്റ് , സെക്രട്ടറി എന്നിവർ വഴി വനത്തിനുള്ളിലെ പട്ടികവർഗ്ഗ കോളനികളിൽ വിപുലമായ പരസ്യം നൽകിയാണ് അർഹരായവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നത്. ഇങ്ങനെ സ്വീകരിക്കുന്ന അപേക്ഷകൾ സംസ്ഥാന വന വികസന ഏജൻസി ചെയർമാൻ അദ്ധ്യക്ഷനായും , ഡെപ്യൂട്ടി കൺസർവേറ്റർ (ഇ&റ്റി.ഡബ്ല്യു) മെമ്പർ സെക്രട്ടറിയായും . ഒരു NGO , സോഷ്യോളജി , /ആന്ത്രോപോളജി /ആദിവാസി പഠനം എന്നീ ഏതെങ്കിലും മേഖലയിൽ പ്രാവീണ്യമുള്ള ഒരാൾ എന്നിവർ അംഗങ്ങളായുള്ള സൂക്ഷ്മപരിശോധനാ |

കമ്മിറ്റി പരിശോധിച്ച് നിഷ്കർഷ യോഗ്യതയുള്ള ഏറ്റവും അർഹയായ ഒരു ട്രൈബൽ പെൺകുട്ടിയെ തെരഞ്ഞെടുക്കുന്നു.

സി) **ഈ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?**

സി) ഉണ്ട് . സംസ്ഥാന വന വികസന ഏജൻസിയുടെ 'സൃഷ്ടി' സ്കോളർഷിപ്പിനായി തിരുവനന്തപുരം വെള്ളയമ്പലത്തെ കോർപ്പറേഷൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള രണ്ട് ലക്ഷം രൂപ സ്ഥിര നിക്ഷേപത്തിന് വാർഷിക പലിശയിനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ നിന്നുമാണ് സ്കോളർഷിപ്പ് നൽകി വരുന്നത് . ആയതിനാൽ , നിലവിൽ ഒരു വർഷം ഒരു പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു പെൺകുട്ടിയ്ക്കാണ് സ്കോളർഷിപ്പ് നൽകാൻ കഴിയുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട , പിന്നോക്കം നിൽക്കുന്ന പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ പദ്ധതി വിപുലീകരിച്ച് , കൂടുതൽ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട് . ഇതിനായി , സ്ഥിരനിക്ഷേപത്തുക രണ്ട് ലക്ഷത്തിൽ നിന്നും വർദ്ധിപ്പിക്കുന്നതിന് വ്യക്തികൾ , സ്ഥാപനങ്ങൾ , വനം വകുപ്പ് ജീവനക്കാർ , തുടങ്ങിയവരിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട് . ഇത്തരത്തിൽ സംഭാവനകൾ ലഭിയ്ക്കുന്ന മുറയ്ക്ക് പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**